വുന്നതാണ്. കൊച്ചി പട്ടപ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ തൊഴിലെടുക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനും അവരുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും ലേബർ ഓഫീസറെ ചുമതലപ്പെടുത്തിയാൽ ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിയുന്നതാണ്. ഏലൂരിൽ ഇത്തരം പ്രശ്നമുണ്ടായപ്പോൾ ലേബർ ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് ലേബർ ഓഫീസറുടെ മുമ്പാകെ പേര് രജിസ്റ്റർ ചെയ്ത എല്ലാവർക്കും ഐഡന്റിറ്റി കാർഡ് നൽകി തൊഴിൽ നൽകുന്നതിനുള്ള അവസരം അവിടെ ഉണ്ടായത് തൊഴിൽ മേഖലയിൽ സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളുടെ സ്തംഭനം ഒഴിവാക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്. അതുകൊണ്ട് ഏലൂർ വ്യവസായമേഖലയിൽ സ്വീകരിച്ച അതേ മാർഗ്ഗം കൊച്ചി പട്ടണ പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലും സ്വീകരിക്കാവുന്നതാണ്. ഏതെങ്കിലും പ്രത്യേക ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾക്കുമാത്രമായി തൊഴിലാളികളെ സപ്ലൈ ചെയ്യാനുള്ള അവകാശം നൽകിവരുന്ന ഇന്നത്തെ സംപ്രദായം അവസാനിപ്പിച്ചുകൊണ്ട് തൊഴിലെടുക്കാൻ വരുന്ന മുഴുവൻ ആളുകൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലെടുക്കുന്നതിനുമുള്ള അവകാശം സംരക്ഷിക്കണമെന്നും അതിനായി തൊഴിലാളി പ്രതിനിധികളും തൊഴിലുടമാപ്രതിനിധികളും ലേബർ ഡിപ്പാർട്ടുമെന്റും അടങ്ങുന്ന ഒരു ഐ.ആർ.സി കൂടി രൂപീകരിച്ചുകൊണ്ട് തൊഴിൽമേഖലയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കാനും തൊഴിലെടുക്കാനുള്ള തൊഴിലാളികളുടെ മൗലികമായ അവകാശം സംരക്ഷിക്കാനും നടപടി സ്വീകരിക്കണമെന്നും തൊഴിൽവകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, നിർമ്മാണപ്രവർത്തനങ്ങളിൽ ജോലി ചെയ്യുന്നതിന് ഏതെങ്കിലും ഒരു പ്രത്യേക യൂണിയനിലെ അംഗത്വം കണക്കിലെടുക്കുമെന്ന് ഒരു തൊഴിൽ നിയമവും അനുശാസിക്കുന്നില്ല. എറണാകുളം പട്ടണത്തിൽ ഗോശ്രീപാലം, മട്ടാഞ്ചേരിപാലം തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ പണിയെടുക്കാൻ വരുന്ന ഏതെങ്കിലും യൂണിയനിൽപ്പെട്ട തൊഴിലാളികൾക്ക് തൊഴിൽ നിഷേധിച്ചുവെന്നുള്ള പരാതി ലേബർ ഡിപ്പാർട്ടുമെന്റിന് ലഭിച്ചിട്ടില്ല. ഇത്തരം കാര്യങ്ങളിൽ തൊഴിൽ പ്രശ്നങ്ങൾ ഉന്നയിച്ച് വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്നത് ശരിയല്ല. അതുകൊണ്ട് പുതിയതായി പ്രധാനപ്പെട്ട മേഖലകളിൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

IV. റിപ്പോർട്ട് സമർപ്പണം

1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി ബിൽ സംബന്ധിച്ചസബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ 1999-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly